44. ശ്രീ. എം.എ. തോമസ്
45. ശ്രീ. എം.പി. വർഗ്ഗീസ്
46. ശ്രീ. വർഗ്ഗീസ് വൈദ്യർ
47. ശ്രീ. പി. വിശ്വൻ

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ - 20

പ്രതികൂലിക്കുന്നവർ - 47

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, അടുത്ത രണ്ടു പ്രമേയങ്ങളും തർക്കമില്ലാത്തതാണ്. അതു ഏകകണ്ഠമായി പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സ്വീകരിച്ച സമീപനത്തെ പൂർണ്ണമനസ്സോടുകൂടി ചെയർ സ്വാഗതം ചെയ്യുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ നായനാർ) : രണ്ടു പ്രമേയവും നമുക്ക് യോജിച്ചു പാസ്സാക്കാവുന്നതാണ്.

## (2) ഇൻഡ്യ-അമേരിക്ക ഒപ്പുവച്ച ജനീവകരാർ പുനഃപരിശോധിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. രാഘവൻ : സർ, "അമേരിക്കയിൽ നിന്ന് ഇറക്കുമതി ചെയ്യുന്നതിന് വിലക്കു കൽപ്പിച്ചിരുന്ന 1429 ഇനം വസ്തുക്കളുടെ മേലുള്ള എല്ലാവിധ ഇറക്കുമതി നിയന്ത്രണവും എടുത്തുകളഞ്ഞുകൊണ്ട് 1999 ഡിസംബർ 27-ന് ജനീവയിൽവച്ച് ഇൻഡ്യ അമേരിക്കയുമായി ഒപ്പുവച്ച കരാർ ഇൻഡ്യയുടെ വിദേശനാണയശേഖരം കുറയ്ക്കുന്നതും കാർഷിക, വ്യാവസായിക, ഓട്ടോമൊബൈൽ, ടെക്സ്റ്റയിൽസ് തുടങ്ങിയ മേഖലകളെ പ്രതികൂലമായി ബാധിക്കുന്നതും, റബ്ബർ പാൽ അടക്കമുള്ള റബ്ബർ ഉൽപന്നങ്ങൾ, സുഗന്ധദ്രവ്യങ്ങൾ, നാളികേര ഉൽപ്പന്നങ്ങൾ, തേയില, മൽസ്യോൽപ്പന്നങ്ങൾ തുടങ്ങിയവയിലുള്ള ഇറക്കുമതി നിയന്ത്രണം ഇല്ലാതാവുന്നതോടെ സംസ്ഥാനത്തെ കാർഷികമേഖല പൂർണ്ണമായും തകർച്ചയിലേക്ക് തള്ളപ്പെടുന്നതും, രാജ്യത്തിന്റെ സമ്പദ്ഘടന തകർക്കുന്നതും, തൊഴിലില്ലായ്മ വർദ്ധിപ്പിക്കുന്നതും, ഇൻഡ്യൻ സമ്പത്തു മുഴുവൻ അമേരിക്കയിലേയ്ക്ക് കൊള്ളയടിക്കാൻ അവസരം ഉണ്ടാക്കുന്നതുമായതിനാൽ കരാർ പുനഃപരിശോധിക്കണമെന്ന് ഈ സഭ ഏകകണ്ഠമായി കേന്ദ്രത്തോട് ആവശ്യപ്പെടുന്നു." എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി.കെ. ബാലൻ : പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ ഏകകണ്ഠമായി അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly